**‘CORRUPTION, A CRIME AGAINST NATION’**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
വികാസ് ഭവൻ, തിരുവനന്തപുരം-33.
ഇ-മെയിൽ:vig.vacb@kerala.gov.in,

31/01/2018.

## അഴിമതിക്കേസിൽ പ്രതിയായ മുൻ പോലീസ് ഉദ്യോഗസ്ഥനെ കഠിന തടവിന് ശിക്ഷിച്ചു..

കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് അറസ്റ്റ് ചെയ്ത മുൻ ഹെഡ് കോൺസ്റ്റബിൾ കുറ്റക്കാരനാണെന്ന് കണ്ട് കോടതി ശിക്ഷിച്ചു. മൂവാറ്റുപുഴ വിജിലൻസ് എൻക്വയറി കമ്മിഷണർ & സ്പെഷ്യൽ വിജിലൻസ് കോടതി ജഡ്ജ് കലാം പാഷയാണ് പ്രതിയെ രണ്ട് വർഷം കഠിനതടവിനും 25000 /- രൂപ പിഴയും വിധിച്ചത് .പിഴ അടച്ചില്ലെങ്കിൽ ഒരു മാസം കൂടി തടവ് അനുഭവിക്കണം . എറണാകുളം ഏലൂർ പോലീസ് സ്റ്റേഷനിലെ മുൻ ഹെഡ് കോൺസ്റ്റബിൾ ആയിരുന്ന കെ.ടി.ആന്റണി യാണ് കുറ്റക്കാരനാണെന്ന് കണ്ട് കോടതി ഇന്ന് (31-01-2018) ശിക്ഷിച്ചത്. എറണാകുളം ഏലൂർ സ്വദേശിയായ സുമേഷ് എന്നയാളിന്റെ അപകടത്തിൽപ്പെട്ട വാഹനം വിട്ട് നൽകുവാൻ 500 /രൂപ പ്രതി കൈക്കൂലി ആവശ്യപ്പെടുകയും തുടർന്ന് വിജിലൻസ് കൈക്കൂലി വാങ്ങുന്ന സമയം പ്രതിയെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. 2010 ലാണ് കേസിനാസ്പദമായ സംഭവം നടന്നത്.